ശ്രീ. സി. സി. പ്രസാദ്: അവിടെയും ഒരെണ്ണം സ്ഥാപിക്കുന്നതിനു എഴുപ്പാട ചെയ്യേങ്കിൽ നന്നായിരുന്നേനെ?

ശ്രീ. എ. ജെ. ജോൺ: അതവിടെ മാത്രമല്ല, മറ്റുപലയിടത്തും ചെയ്യാൽ നന്നായിരിക്കുമെന്ന ഗവണ്മെണ്ടിനറിയാം.

വിഷവായു

*൭൫൩. (൫൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വ്യവസായശാലകളിൽനിന്നും വമിക്കുന്ന വിഷവായു അവിടത്തെ തൊഴിലാളികൾക്കു ഉപദ്രവമാകാത്തവിധം പുറത്തുകളയുവാൻ നിബന്ധനയില്ലേ;

(ബി) ഇതിനു വിധേയമായിട്ടാണോ ഇൻഡ്യൻ അലൂമിനിയം കമ്പനി, ഓഗയിൽ ഫ്രാസുഫാക്ടറി മുതലായ കമ്പനികൾ പ്രവർത്തിക്കുന്നതു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വ്യവസായശാലകളിൽനിന്നും വമിക്കുന്ന വിഷവായു പുറത്തുകളയുന്നതിനും അങ്ങിനെ വിഷവായു പുറത്തുകളഞ്ഞാൽ മാത്രം പോരാത്ത സന്ദർഭങ്ങളിൽ തൊഴിലാളികൾക്കു ആവശ്യമായ ഇതരരക്ഷാമാർഗ്ഗങ്ങൾക്കും ഫാക്ടറി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു.

(ബി) ഇൻഡ്യൻ അലൂമിനിയം കമ്പനിയിൽനിന്നോ ഓഗയിൽ ഫാക്ടറിയിൽനിന്നോ വിഷവായു വമിക്കുന്നില്ല. അല്പമെങ്കിലും ദോഷകരമായ വായുക്കൾ വെളിയിൽ തള്ളുന്നതിനു സമർത്ഥമായ വെൻറിലേഷൻ ഈ ഫാക്ടറികളിൽ ഉണ്ടു.

കേസുകൾ

*൭൫൭. (൫൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തു എത്ര അഡ്ജൂഡിക്കേഷൻ കേസുകൾ നിലവിലുണ്ടു;

(ബി) ഇതിൽ ആറുമാസത്തിലധികമായ കേസുകൾ എത്രയുണ്ടു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) & (ബി) തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ഇപ്പോൾ നിലവിലിരിക്കുന്ന കേസുകളുടെ എണ്ണം ൨൯. അതിൽ ആറുമാസത്തിൽ കൂടുതൽ പഴക്കമുള്ളവയുടെ എണ്ണം ൧൨.

ആലപ്പുഴ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ഇപ്പോൾ നിലവിലിരിക്കുന്ന കേസുകളുടെ എണ്ണം ൫. അതിൽ ആറുമാസത്തിൽ കൂടുതൽ പഴക്കമുള്ളവയുടെ എണ്ണം ൪.

എറണാകുളം ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ഇപ്പോൾ നിലവിലിരിക്കുന്ന കേസ്സുകളുടെ എണ്ണം ൪. അതിൽ ആറു മാസത്തിൽ കൂടുതൽ പഴക്കമുള്ളവയുടെ എണ്ണം ൧.

LIBRARY ARCHIVES Kerala Legislative Assembly